12168
22/6/18

കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

**പരിപത്രം**

നമ്പർ 54/2018/ധന

*തിരുവനന്തപുരം, 2018 ജൂൺ 18.*

വിഷയം :- ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ(അച്ചടി) നം.54/2017/ധന തീയതി 24.04.2017.

2. സർക്കുലർ നം.28/2018/ധന തീയതി 04.04.2018.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സൂചന പ്രകാരമുള്ള ഉത്തരവനുസരിച്ച് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും വിവരശേഖരണം നടത്തുന്നതിനും അപ്രകാരം ശേഖരിക്കപ്പെട്ട വിവരം ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിനു കൈമാറുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതത് സ്ഥാപനം/വകുപ്പ് നോഡൽ ഓഫീസറെ നിയമിക്കണമെന്നും വ്യക്തമാക്കികൊണ്ട് സൂചന 2 പ്രകാരമുള്ള സർക്കുലർ പ്രകാരം മാർഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും പ്രസ്തുത വിവരശേഖരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും ബന്ധപ്പെട്ട അധികാരികൾ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന നിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു.

(എ) ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം ഏകോപിപ്പിക്കുന്നതിനു 05/07/2018 തീയതിക്കകം നോഡൽ ഓഫീസറെ നിയമിച്ച് ആയത് ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ബി) പരാമർശ സർക്കുലർ പ്രകാരമുള്ള വിവരശേഖരണം 31/07/2018 തീയതിക്കകം പൂർത്തിയാക്കുകയും ആയത് www.medisep.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി അതത് സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ മെയിൽ വിലാസത്തിൽ നിന്നു info.fin@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലേക്ക് 04/08/2018 തീയതിക്കകം കൈമാറേണ്ടതുമാണ്.

**കെ. രാജശ്രീ,**

*അഡീഷണൽ സെക്രട്ടറി ( ധനകാര്യ വകുപ്പ്)*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**